**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6622** **21-03-2023 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ ബി.എം.&ബി.സി. റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ നിലവിലുള്ള ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ സ്ഥിതിയും അവയുടെ നീളവും തരംതിരിച്ച് ലഭ്യമാക്കാമോ? | (എ) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ അരുവിക്കര നിയോജക മണ്ഡലത്തിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. അവ കൂടാതെ കെ.ആർ.എഫ്.ബി - പി.എം.യു വിന് കീഴിൽ പുരോഗമിക്കുന്ന ബി.എം ബിസി പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തിരുവനന്തപുരം - നെയ്യാർ ഡാം റോഡ് - 8.3 കീ മി<br>പദ്ധതിയുടെ ചൂണ്ടുപലക മുതൽ കള്ളിക്കാട് വരെയുള്ള 6 കീ.മി ഭാഗമാണ് അരുവിക്കര മണ്ഡലത്തിൽ വരുന്നത്. പ്രസ്തുത റോഡ് ബി.എം-ബി.സി നിലവാരത്തിലേക്ക് വികസിപ്പിക്കുന്ന തിനായി ഡി.പി.ആർ. തയ്യാറാക്കുന്ന തിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ ടി റോഡ് ബി.സി.ഓവർലേ നടത്തുന്നതിലേക്കുള്ള പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഒപ്പ് വെയ്ക്കുന്നതിലേയ്ക്കായി 06.03.2023 ന് LOA നൽകി.<br><br>2. വിതുര-ബോണക്കാട് റോഡ് – 7 കീ മി<br>പദ്ധതിയുടെ മുഴവൻ ഭാഗവും അരുവിക്കര മണ്ഡലത്തിലാണ്. നിലവിൽ ടി റോഡ് പേരയം മുതൽ IISER വരെയുള്ള 5 കിലോമീറ്റർ ദൂരം ബി.എം. ചെയ്തിട്ടുണ്ട്. തേവിയോട് മുതൽ പേരയം വരെയുള്ള ആദ്യ 2 കിലോമീറ്റർ ബി.എം .ചെയ്യുന്നതിനും തുടർന്ന് മുഴവൻ റോഡും ബി.സി. ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>3. മലയോര ഹൈവേ – പെരിങ്ങമ്മല - വിതുര (കൊപ്പം) റോഡ് – 9.45 കീ മി<br>പദ്ധതിയുടെ പൊന്നാൻചുണ്ട് മുതൽ വിതുര വരെയുള്ള 2 കിലോമീറ്റർ ഭാഗമാണ് അരുവിക്കര മണ്ഡലത്തിൽ വരുന്നത്. ടി റോഡിൽ ക്രോസ് |

| | | | |
|---|---|---|---|
| | | | ഡ്രൈനേജ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബി.എം. ചെയ്യുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.<br><br>കൂടാതെ റിക്ക് ലിമിറ്റഡിന്റെ (RICK Ltd) കീഴിൽ വെള്ളനാട് ചെറ്റച്ചൽ റോഡ് (21.90 കി.മീ - തിരുവനന്തപുരം ജില്ല) പ്രവൃത്തി പൊതു സ്വകാര്യ പങ്കാളിത്തത്തിൽ 2വർഷം നിർമ്മാണ കാലാവധിയും 13 വർഷം ദീർഘകാല പരിപാലനവും ഉൾപ്പെടുത്തി ബി.എം.&ബി.സി. നിലവാരത്തിൽ ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് കൺസഷണറായ M/s.INKEL-EKK-Roads Pvt. Ltd 2018 ൽ പ്രവൃത്തി പൂർത്തീകരിച്ച് പരിപാലനം നടത്തിവരുന്നു. ഗുണനിലവാര പരിശോധനയും സാങ്കേതിക മേൽനോട്ടവും നിർവ്വഹിക്കുന്നത് ഇൻഡിപ്പെൻഡന്റ് എഞ്ചിനീയറായ M/s.Shrikhande Consultants Pvt.Ltd എന്ന സ്ഥാപനമാണ്. എഗ്രിമെന്റ് പ്രകാരം 5/6 വർഷം കൂടുമ്പോൾ കൺസഷണയർ ടി റോഡിന്റെയും ഓവർലേ ചെയ്യേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കൺസഷണയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ കെ.എസ്.റ്റി.പി. യ്ക്ക് കീഴിൽ തിരുവനന്തപുരം-പൊന്മുടി റോഡ് മണ്ണൂർക്കോണം മുതൽ കല്ലാർ വരെ 18 കി.മീ പുനർനിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

G3 - 6622

## അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നീളം കി.മീ | തൽസ്ഥിതി |
|---|---|---|---|
| 1 | എട്ടാം കല്ല് - അരുവിക്കര റോഡ് | 4.3 | Good Condition |
| 2 | അഴിക്കോട് - അരുവിക്കര റോഡ് | 4.00 | Good Condition |
| 3 | ഇരുമ്പ - കാച്ചാണി റോഡ് | 2.4 | Good Condition |
| 4 | ആര്യനാട് - പേഴുംമൂട് റോഡ് | 3.00 | Good Condition |
| 5 | ചാരുംമൂട് - നല്ലിക്കുഴി - അയ്യപ്പൻകുഴി റോഡ് | 5.2 | ബി.സി.ഓവർലേ ആവശ്യമാണ്. |
| 6 | നെട്ടറിച്ചിറ -വെള്ളനാട് - പൂവച്ചൽ റോഡ് | 11.8 | ബി.എം/ബി.സി ഓവർലേ 2022-23 റോഡ് -ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 7 | വിതുര ബ്രാഞ്ച് റോഡ് | 1.3 | ഡി.എൽ.പി - ൽ ആണ് |
| 8 | കളത്തുകാൽ - ഉറിയാക്കോട് റോഡ് | 4.00 | ബി.സി.ഓവർലേ ആവശ്യമാണ്. |
| 9 | നെട്ടമങ്ങാട് - ഷൊർലക്കോട് റോഡ് | 18.9 | ഡി.എൽ.പി -ൽ ആണ് |
| 10 | മുണ്ടേല - കാണിക്കപ്പെട്ടി - പുതുക്കുളങ്ങര റോഡ് | 2.2 | ഡി.എൽ.പി - ൽ ആണ് |
| 11 | കളപ്പട - പനയ്ക്കോട് - മണ്ണൂർക്കോണം റോഡ് | 6.5 | ഡി.എൽ.പി - ൽ ആണ് |
| 12 | ചാങ്ങ - ചക്കിപ്പാറ റോഡ് | 4.25 | ഡി.എൽ.പി -ൽ ആണ് |
| 13 | പേയാട് - ഉറിയാക്കോട് റോഡ് | 4.05 | ഡി.എൽ.പി - ൽ ആണ് |

| | | | |
|---|---|---|---|
| | | | |
| 14 | കാട്ടാക്കട - കോട്ടൂർ റോഡ് | 14.6 | Good Condition First 6.5 km, ബാക്കിയുള്ളതിന് ബി.സി ഓവലേ ആവശ്യമാണ് |
| 15 | പള്ളിവേട്ട -- കാനക്കുഴി കൊണ്ണിയൂർ റോഡ് | 2.00 | ബി.എം/ബി.സി പൂർത്തീകരിച്ചിട്ടുണ്ട്. |